# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃത്താല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.20/633/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 20/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃത്താല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.20/633/2023 തീയ്യതി: 20/04/2023

## പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-12-2021 മുതൽ 20-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-02-2023 | 27-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-02-2023 | 27-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എസ്. പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
പി. സരിത, സീനിയർ ഗ്രേഡ് ഓഡിറ്റർ
എം.വി. ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ
കെ. ബേബി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയ പി.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| പി. എ. താജു | സെക്രട്ടറി | 08-04-2021 | 28-06-2021 |
| സുരേഷ് കുമാർ സി.പി | സെക്രട്ടറി | 29-06-2021 | 23-09-2021 |
| പി. എ. താജു | സെക്രട്ടറി | 24-09-2021 | 31-03-2022 |
| രാജേന്ദ്രൻ പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിത കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സ്മിത എസ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| സീനത്ത് കെ.ടി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| രാജേന്ദ്രൻ. പി.കെ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ. ജയറാം പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. വിപിൻ കിഷോർ | മെഡിക്കൽ ഓഫീസർ (PHC ) | 01-04-2021 | 31-03-2022 |
| ഡോ. പ്രദീപ് ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| സ്മിത പി.പി | ഹെഡ്മിസ്ട്രസ് | 01-04-2021 | 26-10-2021 |
| ശ്രീകല ഇ.എസ് | ഹെഡ്മിസ്ട്രസ് | 27-10-2021 | 31-03-2022 |
| ദീപ്തി. ടി.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| നിഖിൽ റോയ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം: | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | പെർമിറ്റ് നൽകുന്നതിലെ അപാകങ്ങൾ | 1-11 |
| 14 | പെർമിറ്റ് ഫീ അടവാക്കിയതിൽ കുറവ് | 1-11-1 |
| 15 | കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ അടവാക്കിയിട്ടില്ല | 1-11-2 |
| 16 | അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ് | 1-11-3 |
| 17 | തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് | 1-12 |
| 18 | ലൈസൻസ് അനുവദിക്കുന്നതിലുള്ള അപാകങ്ങൾ | 1-13 |
| 19 | വസ്തുനികുതി- നിർണ്ണയത്തിലെ അപാകങ്ങൾ | 1-14 |
| 20 | തെറ്റായ ഉപയോഗക്രമം - നികുതി കുറച്ച് അടവാക്കിയിരിക്കുന്നു | 1-14-1 |
| 21 | ഉദ്യം സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത സ്ഥാപനത്തിന് വസ്തു നികുതിയിൽ ഇളവ് നൽകി | 1-14-2 |
| 22 | രസീതി പരിശോധന അപാകങ്ങൾ | 1-15 |
| 23 | സാംഖ്യ രസീതി | 1-15-1 |
| 24 | മാന്വൽ രസീതി പുസ്തകങ്ങൾ | 1-15-2 |
| 25 | കുടുംബശ്രീ അക്കൗണ്ടിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന പ്ലാൻ ഫണ്ട്, NREGS ഫണ്ട് ഇവ തിരിച്ചടയ്ക്കണം | 1-16 |
| 26 | സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായതിൽ വിനിയോഗിക്കാത്ത തുക തിരിച്ചടക്കണം | 1-17 |

| | | |
|---|---|---|
| 27 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം | 1-18 |
| 28 | പാലിയേറ്റീവ് കെയർ പദ്ധതി - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-19 |
| 29 | എസ്.എസ്.എൽ.സി, പ്ലസ് ടു - തുല്യതാ പഠനം - പദ്ധതി പൂർത്തീകരണരേഖകൾ ഹാജരാക്കണം | 1-20 |
| 30 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 31 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 32 | ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം | 1-23 |
| 33 | പൊതുടാപ്പുകൾ - ഗ്രാമപഞ്ചായത്തിന്റെ ബാധ്യത കുറവു ചെയ്യേണ്ടതാണ് | 1-24 |
| 34 | അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ | 1-25 |
| 35 | കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കാത്തത് | 1-26 |
| 36 | മെറ്റീരിയൽ കളക്ഷൻ സെന്റർ പ്രവർത്തനക്ഷമമാക്കാത്തത് | 1-27 |
| ഭാഗം **2** | | |
| 1 | പെർമിറ്റ് ഫീ അടവാക്കിയതിൽ കുറവ് | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

19/02/2021 തീയതിയിലെ 1-1 നമ്പർ തീരുമാനപ്രകാരം 2021-22 ലെ ബജറ്റ് ഭരണ സമിതി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25/03/2022 തീയതിയിലെ 1-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | നടപ്പ് ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 14,103,045 | 21,534,342 |
| വരവ് | 252596829 | 207474166 |
| ആകെ | 266699874 | 229008508 |
| ചെലവ് | 261952000 | 214587673 |
| നീക്കിയിരിപ്പ് | 4747874 | 14420835 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 31.05.2022 | ബധകമല്ല | ബാധകമല്ല |

### 1-2-1 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1.പൊതുവിഭാഗം വികസന ഫണ്ടിന്റെ ചെലവ് വാർഷിക കണക്കിൽ ₹12,264,118/- ഉം ACRൽ 12692810/-ഉം ആണ്.

2.ധനകാര്യ കമ്മീഷൻ അവാർഡ് ആകെ ചെലവ് ACR പ്രകാരം ₹4075669/-ഉം ചെലവ് പത്രിക പ്രകാരം ₹3736774/-ഉം ആണ്.

3.ധനകാര്യ കമ്മീഷൻ അവാർഡ് (Tied) ചെലവ് വാർഷിക കണക്കുകൾ പ്രകാരം ₹1562903/-ഉം ACR പ്രകാരം ₹1718228/-ഉം ആണ്.

4.ധനകാര്യ കമ്മീഷൻ അവാർഡ് (Untied) ചെലവ് വാർഷിക കണക്കുകൾ പ്രകാരം ₹2165251/-ഉം ACR പ്രകാരം ₹2357441/-ഉം ആണ്.

5.മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം ₹3,866,815/-ഉം ACR പ്രകാരം ₹4212357/-ഉം ആണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 5.B/23-02-2023) 31.03.2022ന് സമർപ്പിച്ച ബില്ലുകൾ ഏപ്രിൽ 2022ൽ മാറിയതിനാലാണ് ഈ വ്യത്യാസം വന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഇപ്രകാരം വ്യത്യാസം വരുന്ന സംഗതികളിൽ വാർഷിക കണക്ക് സമർപ്പിക്കുന്നതിന് മുൻപ് തന്നെ റീകൺസിലിയേഷൻ നടത്തി വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

6. MGNREGS സംസ്ഥാന മിഷൻ ഡയറക്ടറുടെ 27.12.21ലെ NREGA/212/2021A19774 നം കത്തിലെ നിർദ്ദേശപ്രകാരം ഭരണച്ചെലവ് ഇനത്തിൽ അവശേഷിക്കുന്ന തുകകൾ സംസ്ഥാന മിഷൻ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതും അക്കൗണ്ട് Zero Balance ആക്കേണ്ടതുമാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. നിലവിലും 11363 രൂപ ബാലൻസ് ഉണ്ട്.

7. I&E പത്രിക I-6, I-14(a) എന്നിവ പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യ ചെലവും തുല്യമാകേണ്ടതാണെങ്കിലും ഈ തുകകൾ വ്യത്യാസപ്പെട്ടു കാണുന്നു.
ക്രമ നം 6,7 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18569555 |

| | |
|---|---|
| വരവ് | 79606511 |
| ആകെ | 98176066 |
| ചെലവ് | 81630179 |
| നീക്കിയിരിപ്പ് | 16545887 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറല്‍ | 0 | 12720374 | 12720374 | 12,264,118 | 456256 |
| വികസനഫണ്ട്-എസ്.സി.പി | 0 | 11281259 | 11281259 | 8,482,235 | 2799024 |
| മെയിന്റനന്‍സ് ഫണ്ട് റോഡ് | 0 | 4388500 | 4388500 | 3,866,815 | 521685 |
| മെയിന്റനന്‍സ് ഫണ്ട് - നോണ്‍റോഡ് | 0 | 5637672 | 5637672 | 2,820,603 | 2817069 |
| 15ാം ധനകാര്യ കമ്മീഷന്‍ ഗ്രാന്റ് - Untied (Interest ഉള്‍പ്പെടെ) | 0 | 2,761,743 | 2761743 | 1923099 | 838644 |
| സ്പില്‍ ഓവര്‍ പദ്ധതികള്‍ക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷന്‍ ഗ്രാന്റ് - Untied | 0 | 303227 | 303227 | 242,152 | 61075 |
| 15ാം ധനകാര്യ കമ്മീഷന്‍ ഗ്രാന്റ് - Tied | 0 | 4049000 | 4049000 | 593056 | 3455944 |
| സ്പില്‍ ഓവര്‍ പദ്ധതികള്‍ക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷന്‍ ഗ്രാന്റ് - Tied | 0 | 2845543 | 2845543 | 969,847 | 1875696 |
| കേന്ദ്രാവിഷ്കൃത പദ്ധതികള്‍ | | | | | |
| MGNREGS | 7,861 | 19,912,909 | 19920770 | 19909407 | 11363 |
| BRGF | 182177 | 0 | 182177 | 0 | 182177 |
| TSC | 551,780 | 0 | 551780 | 0 | 551780 |
| SSA | 11,019 | 0 | 11019 | 0 | 11019 |
| ICDS | 722,993 | 890045 | 1613038 | 1534278 | 78760 |

| സംസ്ഥാനാവിഷ്കൃതം | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 4310465 | 1313884 | 5624349 | 2888664 | 2735685 |
| മറ്റ് ഗ്രാന്റുകൾ | 2065132 | 0 | 2065132 | 1261333 | 803799 |
| ലൈഫ് - സംസ്ഥാന വിഹിതം | 0 | 100,000 | 100000 | 100,000 | 0 |

മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന തുകകൾ കൂടാതെ പദ്ധതി നടത്തിപ്പിനായി വികസന ഫണ്ട് ഉറവിടത്തിൽ നിന്നും കുറവുചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഉറവിടത്തിൽ നിന്നും കുറവു ചെയ്തത് | ACR പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | ACR പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 718908 | 12720374 | 13439282 | 12692810 | 13411718 |
| വികസന ഫണ്ട്-എസ്.സി.പി | 66000 | 11281259 | 11347259 | 8482235 | 8548235 |

## 1-4-1 സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കാത്തത്

സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കാതെ 2021-22 വർഷം ₹8530805/- (എൺപത്തഞ്ചു ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്റഞ്ച് രൂപ) നഷ്ടമായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | സി.ബി |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 12720374 | 12,264,118 | 456256 |
| വികസനഫണ്ട്-എസ്.സി.പി | 11281259 | 8,482,235 | 2799024 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 4388500 | 3,866,815 | 521685 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 5637672 | 2,820,603 | 2817069 |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied | 303227 | 242,152 | 61075 |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 2845543 | 969,847 | 1875696 |
| ആകെ | 37176575 | 28645770 | 8530805 |

സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | ക്കിയത് (എണ്ണം) | (എണ്ണം) | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 108628896 | 150 | 49917872 | 0 | 74 | 66.96 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതിച്ചെലവുകളുടെ വിവരം:

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 6560149 | 5907952 | 90.06 |
| വെറ്റിനറി സർജൻ | 13 | 10 | 6215180 | 1449380 | 23.32 |
| മെഡിക്കൽ ഓഫീസർ (PHC) | 5 | 5 | 1205000 | 1087792 | 90.27 |
| മെഡിക്കൽ ഓഫീസർ (ISM) | 2 | 2 | 513000 | 508537 | 99.13 |
| ICDS സൂപ്പർവൈസർ | 10 | 8 | 7480200 | 6113864 | 81.73 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 38 | 26 | 12308310 | 5269647 | 42.81 |
| ഹെഡ്മാസ്റ്റർ (GLPS) | 1 | 1 | 50000 | 50000 | 100 |
| VEO | 27 | 20 | 37410537 | 12404937 | 33.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 109 | 65 | 31588277 | 14382408 | 45.53 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 0 | 150000 | 0 | 0 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 6 | 5148243 | 2743355 | 53.29 |
| ആകെ | 224 | 150 | 108628896 | 49917872 | 45.95 |

അംഗീകാരം ലഭിച്ച 224 പദ്ധതികളിൽ 150 എണ്ണം (67%) ആണ് തൻവർഷം നടപ്പാക്കി തുക ചെലവഴിച്ചത്. വകയിരുത്തിയ തുകയിൽ 46% മാത്രമാണ് ചെലവഴിക്കാനായത്. പ്രോജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകൾ അതാത് വർഷം തന്നെ പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 19177314 | 19177314 | 19177314 | 0 |
| ഭരണ ച്ചെലവ് | 7861 | 735595 | 743456 | 732093 | 11363 |
| ആകെ | 7861 | 19912909 | 19920770 | 19909407 | 11363 |

അഡ്മിൻ ചെലവിൽ 696893 രൂപ തനത് ഫണ്ടിലേക്ക് റീക്ലപ്പ് റീക്ലപ്പ് ചെയ്തു. 35200 രൂപയുടെ ചെലവ് മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.

തൊഴിലാളികളുടെ കൂലി, ഭരണച്ചെലവ് എന്നിവ എം.ജി.എൻ.ആർ.ഇ.ജി.എ ഫിനാൻഷ്യൽ പെർഫോമൻസ് റിപ്പോർട്ട് 21-22, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരമുള്ള കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എം.ജി.എൻ. ആർ.ഇ.ജി.എ ഫിനാൻഷ്യൽ പെർഫോമൻസ് റിപ്പോർട്ട്, 21-22 | | വാർഷിക ധനകാര്യ പത്രിക | | എം.ജി.എൻ. ആർ.ഇ.ജി.എ കാഷ്ബുക്ക് | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| തൊഴിലാളികളുടെ കൂലി | 19177314 | 19177314 | 19190183 | 19212514 | 19177314 | 19177314 |
| ഭരണച്ചെലവ് | 719224 | 719224 | 735595 | 35200 | 1271960 രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ട് എന്നു കാണിച്ചിട്ടുണ്ട്. | |

കണക്കുകളിൽ താഴെ പറയുന്ന അപാകങ്ങൾ കൂടി കാണുന്നു.

1. MGNREGS സംസ്ഥാന മിഷൻ ഡയറക്ടറുടെ 27.12.21ലെ NREGA/212/2021A19774 നം കത്തിലെ നിർദ്ദേശപ്രകാരം ഭരണച്ചെലവ് ഇനത്തിൽ അവശേഷിക്കുന്ന തുകകൾ സംസ്ഥാന മിഷൻ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതും അക്കൗണ്ട് Zero Balance ആക്കേണ്ടതുമാണ്.

2. I&E പത്രിക I-6, I-14(a) എന്നിവ പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും തുല്യമാകേണ്ടതാണ്. എന്നാൽ ഈ തുകകൾ വ്യത്യാസപ്പെട്ടു കാണുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4,489,400 | 250 |
| വിധവാപെൻഷൻ | 17,737,800 | 1010 |
| വാർദ്ധക്യകാലപെൻഷൻ | 33,609,700 | 1850 |
| വികലാംഗപെൻഷൻ | 5,026,000 | 300 |
| അവിവാഹിത പെൻഷൻ | 1,552,000 | 87 |

### 1-8 ക്യാഷ് പരിശോധന

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.2.2023 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 2.45 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹11608/- (പതിനൊന്നായിരത്തി അറുന്നൂറ്റെട്ട് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം:

വാർഷിക കണക്ക് സമർപ്പിക്കുന്നതിന് മുൻപ് കണക്കുകൾ വിവിധ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രോജക്ടുകൾ അതാത് വർഷം തന്നെ പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവും കണക്ക് സൂക്ഷിക്കലും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നികുതികളും ഫീസുകളും നിർണ്ണയിക്കുന്നതും പിരിച്ചെടുക്കുന്നതും കാര്യക്ഷമമാക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കുന്നതിൽ ചട്ടപ്രകാരമുള്ള ഉത്തരവാദിത്തം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ടതാണ്.

മറ്റ് ഏജൻസികൾക്ക് പദ്ധതി നിർവ്വഹണത്തിനായി നൽകുന്ന തുകകളുടെ വിനിയോഗം ഉറപ്പാക്കേണ്ടതും വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്. സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച പദ്ധതിപ്പണത്തിൽ ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതിച്ചെലവുകൾ മാർഗരേഖയ്ക്കനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതും ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഭവന നിർമ്മാണം, പഠനമുറി നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ പ്രകാരം ഗഡുക്കളായി തുക കൈപ്പറ്റുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കേണ്ടതും ഇതുമായി ബന്ധപ്പെട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ അടവാക്കുന്ന തുകയുടെ ഡിമാന്റിന്റെ കൃത്യത ബോധ്യപ്പെടേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ പരിപാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളും ബാധ്യതകളും നിരീക്ഷിച്ച് കാലികമായി ചെയ്യേണ്ട കാര്യങ്ങൾ അതാത് സമയത്ത് നിർവ്വഹിക്കേണ്ടതുമാണ്. ഓരോ ഉദ്യോഗസ്ഥരിലും നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ നവംബർ 2022 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി. റിപ്പോർട്ട് ലഭ്യമായിട്ടില്ല. 1997-98 മുതൽ 2003-04 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 21.02.2004 ൽ പൂർത്തിയാക്കി. 30.09.2004 ൽ ലഭ്യമായ റിപ്പോർട്ടിലെ മുഴുവൻ പരാമർശങ്ങളും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 പെർമിറ്റ് നൽകുന്നതിലെ അപാകങ്ങൾ

തൻ വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1-11-1 പെർമിറ്റ് ഫീ അടവാക്കിയതിൽ കുറവ്

2019 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഷെഡ്യൂൾ II പ്രകാരം വാസഗൃഹങ്ങൾ ഒഴികയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിൽ 10 രൂപയാണ്. എന്നാൽ 2021-22 വർഷത്തെ പെർമിറ്റ് ഫീ അടവാക്കിയതിൽ ഏതാനും കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ കുറവായി കണാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം. | വിലാസം | സർവ്വേ നം. | ഉപയോഗം | വിസ്തീർണ്ണം | രസീതി നം. തിയ്യതി | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 3815 Dt.22.04.21 | ഗംഗാധരൻ തിരുത്തൻ പാറ കോടനാട്, മേഴത്തൂർ | 218/3 | വാണിജ്യം | താഴത്തെ നില-22.31 ആദ്യനില -26.79 =49.10 $M^2$ | 100407/21 Dt.31.5.21 | 172 | 49.10x10= 491 491-172= 319 |
| 2 | 5680/20 Dt.24.12.20 | സിദ്ദീഖ്, കോട്ടയിൽ (H), തൃത്താല | 11/4B4 | വാണിജ്യം | 302.4 $M^2$ | 121130 100285 Dt.22.4.21 | 1904 | (302.4x10) 3024-1904 =1120 |
| 3 | 3821/dt. 14.7.21 | പി. വാസുദേവൻ, മാനേജിംഗ് പാർട്ണർ, ഹെർബർ ഫാംസ് റിസോർട്ട്സ് | 243/3, 243/2, 243/1 | റിസോർട്ട് | 6820 $M^2$ | 1211301 03026 Dt.30.11.21 | 11274 | 68200 (6820x10) -11274= 56926 |
| | | | | | | | ആകെ | 58365 |

മേൽ വിഷയം സംബന്ധിച്ച പരാമർശത്തിന് നൽകിയ മറുപടിയിൽ (നം.2/22.2.2023)മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പെർമിറ്റ് ഫീസ് അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-2 കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ അടവാക്കിയിട്ടില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പ്രകാരം ഷെഡ്യൂൾ Ii ൽ സൂചിപ്പിച്ചിട്ടുള്ള പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധനയിൽ പെർമിറ്റ് ഫീ അടവാക്കിയതിൽ ചില കെട്ടിടങ്ങളുടെ ഫീസ് അടവാക്കിയ വിവരങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം | വിലാസം | സർവ്വേ നം | ഉപയോഗം | വിസ്തീർണ്ണം | രസീതി നം.തിയ്യതി |
|---|---|---|---|---|---|---|
| 1 | B3/498/22 Dt.29.01.22 | കുഞ്ഞിമൊയ്തു, ആലിക്കുട്ടി, തൃത്താല | 41/1-2, 1-3, 12 | വാണിജ്യം | 129.30$m^2$ | വിവരങ്ങൾ ലഭ്യമല്ല |
| 2 | B3/799/22 Dt.11.2.22 | മുത്തലിബ് &നജീബ് തൃത്താല | 81/2A | പാർപ്പിടം | 131.52$m^2$ | വിവരങ്ങൾ ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| 3 | B3/396/22 Dt.24.01.2022 | ബാലകൃഷ്ണൻ നായർ, തൃത്താല | 278/5 | വാണിജ്യം | 241.40m$^2$ | വിവരങ്ങൾ ലഭ്യമല്ല. |

മേൽ വിഷയം സംബന്ധിച്ച പരാമർശത്തിന് നൽകിയ മറുപടിയിൽ (2/22.2.2023) ഫീസ് ഈടാക്കുമെന്ന് അറിയിച്ചിരിക്കുന്നു. ഫീസ് ഈടാക്കിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-11-3 അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്

20121-22 വർഷത്തെ നിരവധി കെട്ടിടനിർമ്മാണ അപേക്ഷകളിൽ ഓവർസീയറുടെ അന്വേഷണം എന്ന് എഴുതിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് അപേക്ഷയും സമർപ്പിച്ച തീയതിയും |
|---|---|---|
| 1. | അഫ്സൽ | 3203 /21 Dt.23.4.21 |
| 2. | മുഹമ്മദ്‌ നസീർ | 3585 /21 Dt.24.6.21 |
| 3. | ബഷീർ | 3652/21 Dt.30.6.21 |
| 4. | മണികഠൻ | 3697/21 Dt.6/7/21 |
| 5. | ജാമൽ | 4589/21 Dt13.9.21 |
| 6. | ഷംസുദ്ദീൻ | 4670/21 Dt.17.9.21 |

ഇത സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.2/22.2.2023) നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്നാണ് സെക്രട്ടറി മറുപടി നൽകിയിരിക്കുന്നത്. എന്നാൽ അപേക്ഷയിൽ തുടരന്വേഷണം നടത്തിയ ശേഷം അപേക്ഷ സ്വീകരിച്ചോ, തിരിച്ചു നൽകിയോ, നിരസിച്ചോ എന്നുള്ള വിവരങ്ങൾ മറുപടിയിൽ ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ പെർമിറ്റനായി അപേക്ഷ സ്വീകരിച്ച ശേഷം പാലിക്കേണ്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

<u>അംഗീകാരം അറിയിക്കേണ്ടതിന്റെ കാലയളവ്</u>

2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ റൂൾ 9 പ്രകാരം സൈറ്റ് പ്ലാനിന്റെയോ ബിൽഡിംഗ് പെർമിറ്റിന്റെയോ അപേക്ഷയ്ക്ക് അന്നേ ദിവസം കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. മറ്റു വകുപ്പുകളിൽ നിന്നോ അധികാര സ്ഥാപനങ്ങളിൽ നിന്നോ No Objection Certificate (N.O.C/നിരാക്ഷേപപത്രം) അപേക്ഷയോടൊപ്പം ലഭ്യമല്ലെങ്കിൽ ആയത് ഹാജരാക്കുവാൻ സെക്രട്ടറി അപേക്ഷകനെ അറിയിക്കേണ്ടതാണ്. സൈറ്റ് പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടം പാലിക്കുന്നുണ്ടെങ്കിൽ അപ്പന്റിക്സ്-J2 പ്രകാരം സൈറ്റ് പ്ലാനിൽ സാക്ഷ്യപത്രം നൽകേണ്ടതാണ്. സൈറ്റ് പരിശോധിച്ച് 48 മണിക്കൂറിനകം ഓൺലൈൻ ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. തുടർന്ന് അംഗീകാരം സംബന്ധിച്ച് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അപേക്ഷകൻ പട്ടിക-II പ്രകാരമുള്ള പെർമിറ്റ് ഫീസടച്ചാൽ അപ്പന്റിക്സ്-B2 യിൽ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകേണ്ടതുമാണ്. സൈറ്റ് പരിശോധിച്ച് പ്ലാനിലും മറ്റും അപാകതകളുണ്ടെങ്കിൽ അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം രേഖാമൂലം ഉടമസ്ഥനെ അറിയിക്കേണ്ടതാണ്.

കെ.പി.ബി.ആർ ചട്ടം 12 (എസ്.ആർ.ഓ.നം482/2021തീയതി.28.6.2021) പ്രകാരം സൈറ്റ് പ്ലാനിന്റെ അംഗീകാരവും നിരാകരണവും, സൈറ്റ് പ്ലാനിനുള്ള അപേക്ഷതീയതി മുതലോ അധിക വിവരങ്ങൾ ആവശ്യപ്പെട്ടത് ലഭിച്ച തീയതി മുതലോ കഴിഞ്ഞ് 15 ദിവസത്തിനകം സൈറ്റ് പ്ലാൻ അംഗീകരിക്കേണ്ടതോ നിരാകരിക്കുകയോ ചെയ്യേണ്ടതാണ്.

കെ.പി.ബി.ആർ ചട്ടം 14 പ്രകാരം രേഖാമൂലം ഗ്രാമപഞ്ചായത്തിന് അപേക്ഷ നൽകേണ്ടതും ഗ്രാമപഞ്ചായത്ത് 15 ദിവസത്തിനുള്ളിൽ അംഗീകാരം/പെർമിറ്റ് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുമാണ്. അത്തരമൊരു തീരുമാനം യഥാസമയം ലഭിച്ചില്ലായെങ്കിൽ ചട്ടങ്ങൾ പാലിച്ചുകൊണ്ട് കെട്ടിടനിർമ്മാണം അപേക്ഷകന് സ്വയം തുടങ്ങാവുന്നതാണ്. ഇത്തരം കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ചെങ്കിൽ ക്രമവൽക്കരണത്തിൽപ്പെടുത്താതെ (Regularization) നേരിട്ട് പെർമിറ്റ് നൽകേണ്ടതാണ്. 60 ദിവസം കഴിഞ്ഞാൽ നിർമ്മാണം തുടങ്ങുന്നതായി കാണിച്ച് ഉടമസ്ഥൻ സെക്രട്ടറിയ്ക്ക് കത്ത് നൽകേണ്ടതും കത്തിന്റെ പകർപ്പിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ

നടത്തേണ്ടതുമാണ്.ഇത് ഒരു കൽപ്പിത അനുമതിയായി കണക്കാക്കും.

ഇത്തരത്തിൽ നിയമം പാലിക്കാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾ ക്രമവൽക്കരണത്തിൽപ്പെടുത്താതെ (Regularization) നേരിട്ട് പെർമിറ്റ് നൽകേണ്ടിവരുമ്പോൾ പഞ്ചായത്തിന് ഈ ഇനത്തിൽ വരുമാന നഷ്ടവും സംഭവിക്കാൻ സാധ്യത കൂടുതലാണ്. ആയതിനാൽ അപേക്ഷകളിൽ സ്വീകരിക്കേണ്ട നടപടികൾ ചട്ടങ്ങൾക്ക് അനുസരിച്ച് ത്വരിതഗതിയിലാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, പഞ്ചായത്തു പ്രദേശത്തു താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

ഈ പ്രകാരം തൊഴിൽ നികുതി കണാക്കുമ്പോൾ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, HRA, CCA, TAഎന്നിവ ഒഴികെയുള്ള എല്ലാത്തരം അലവൻസുകളും ബോണസ്, ഉത്സവബത്ത എന്നിവയും കണക്കിലെടുക്കണം. എന്നാൽ വൈദ്യമഠം വൈദ്യശാല & നഴ്സിംഗ് ഹോം എന്ന സ്ഥാപനം 21-22 ൽ അടാവാക്കിയ ഫോം പ്രകാരം ഇത്തരത്തിൽ തൊഴിൽ നികുതി കണക്കായിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പേര്/ തസ്തിക | അടി സ്ഥാന ശമ്പളം | ബോ ണസ് | ആകെ ശമ്പളം | ഗഡു ക്കൾ | അടാവാ ക്കിയ തുക | ഈടാ ക്കേണ്ടത് അടി സ്ഥാന ശമ്പളം X 6 + ബോണസ് | ഈടാ ക്കേണ്ട നികുതി ഏറ്റവും കുറ ഞ്ഞത് | ഏറ്റവും കുറഞ്ഞ നഷ്ടം |
|---|---|---|---|---|---|---|---|---|
| എ.ഡിപ്പ്/ ക്യാഷർ | 12405 | 15786 | 35152 | 50938 | 450 | 12405x6+ 15786 =90216 | 750 | 300 |
| എ.പി. രാജു | 13692 | 15945 | 37922 | 53867 | 450 | 13692x6+ 15945 =98097 | 750 | 300 |

ഇത്തരത്തിൽ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന 93 പേരിൽ നിന്നും നികുതി കുറവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(നം.3/22.2.2023) സ്ഥാപനത്തോട് വിവരങ്ങൾ ആരാഞ്ഞ് മറുപടി നൽകാമെന്ന് അറിയിച്ചിരിക്കുന്നു.

പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികളുടെ വിവരം കണ്ടെത്തി, കേന്ദ്ര സർക്കാരിന്റെ മിനിമം വേജ് നിയമം അനുസരിച്ചിട്ടുള്ള വേജ് ഉറപ്പുവരുത്തിയിട്ടുണ്ടന്ന് ഉറപ്പാക്കേണ്ടതാണ്. നികുതി കുറവായി ഈടാക്കിയതിനാൽ ഉണ്ടായ നഷ്ടം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കുമ്പോൾ കൃത്യമായ പരിശോധനകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ലൈസൻസ് അനുവദിക്കുന്നതിലുള്ള അപാകങ്ങൾ

2021-22 വർഷത്തിൽ തൃത്താല ഗ്രാമപഞ്ചായത്തിൽ ലഭിച്ച ലൈസൻസ് അപേക്ഷകളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകളിൽ മൂലധന നിക്ഷേപം, ഉൽപാദന മേഖല/സേവന മേഖല എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഒരു പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7, പട്ടിക രണ്ട് എന്നിവ പ്രകാരം ലൈസൻസ് ഫീ ഈടാക്കേണ്ടത് മൂലധന നിക്ഷേപം, സേവന മേഖല എന്നിവയെ അടിസ്ഥാനമാക്കിയാണ്. 30.10.2017 ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീയുടെ നിരക്കുകൾ പുനർ നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 233 പ്രകാരം ഫാക്ടറികൾ പണിയുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും പഞ്ചായത്തിൽ നിന്നും അനുവാദം വാങ്ങേണ്ടതാണ്.

2021-22 വർഷത്തിൽ തൃത്താല ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ മോട്ടർ എച്ച്.പി, മൂലധനം, സേവന മേഖല/ഉൽപ്പാദന മേഖല എന്നീ വിവരങ്ങൾ രേഖപ്പെടുത്താതെ തന്നെ ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. (രജിസ്റ്റർ പ്രകാരം | കെട്ടിട നം. | സ്ഥാപനം/ പ്രവർത്തന രീതി | ഉടമ | അപേക്ഷയിൽ ലഭ്യമല്ലാത്ത വിവരം |
|---|---|---|---|---|---|
| 1 | 224/21-22/A1/ B2/1592/21 | Ix/238 | റിച്ച് ഫർണിച്ചർ ഫർണീച്ചർ നിർമ്മാണം, വിൽപ്പന | ഇ.വി.ഫാത്തിമ ബീവി ഈരാറ്റുവക്കൽ, ഉള്ളന്നൂർ, തൃത്താല | മോട്ടോർ എ.ച്ച്. പി, മൂലധനം, സേവനം/ ഉൽപ്പാദന മേഖല |
| 2 | 414/21-22/A1/ B3/6645/21 Dt.28.1.22 | 15/401 | വിനായക സ്റ്റോഴ്സ്/ പലചരക്ക് വിൽപ്പന | രാജേഷ് കെ.വി.കെല്ലാരു വളപ്പിൽ മേഴത്തൂർ, തൃത്താല | മൂലധനം, സേവനം / ഉൽപ്പാദന മേഖല |
| 3 | B2/1654/21-22 (5) Dt.1.4.21 | 7/483 | വി.എസ് ഫ്ളോർ മില്ല് | ശിവശങ്കരൻനായർ, വെളുത്തേടത്ത്, ഞാങ്ങട്ടാരി | മൂലധനം, സേവനം /ഉൽപ്പാദന മേഖല, മോട്ടോർ എ.ച്ച്, പി |
| 4 | B2/1650/21-22 (5) Dt.1.4.21 | 5/312A | മിസ്റ്റർകെയർ (പി).ലി. | മുഹമ്മദ് കുട്ടി.കെ.പി, കുളമ്പിൽ പള്ളിക്കാട് (വീട്) | മൂലധനം, സേവനം ഉൽപ്പാദന മേഖല |
| 5 | B2/1648/21-22 (5) Dt.1.4.21 | 6/143 M, O, P | ,, | ,, | ,, |
| 6 | B2/1648/21-22 (5) Dt.1.4.21 | 2/38 BCDE | ,, | ,, | ,, |
| 7 | 413/21-22/A1/ | X/111 | ആകാശ് | ആകാശ് പി, | മൂലധനം, |

| | | | | | |
|---|---|---|---|---|---|
| | A1/223/21 | | ഫേബ്രിക്സ് / തുണിക്കട | അഞ്ജനം, പട്ടാമ്പി | സേവനം/ ഉൽപ്പാദന മേഖല |
| 8 | 194/21-22 /B2/B2/1952 Dt.1.4.2021 | 11/293,294, 295 | അൽസൈൻ ട്രേഡേഴ്സ്, ഹാർഡ് വെയർ ഉൽപ്പനം | സെയ്താലിക്കുട്ടി, ഊരാതൊടിയിൽ | മൂലധനം, ജോലി ക്കാരുടെ എണ്ണം, മാലിന്യ സംസ്കരണ രീതി |
| 9 | 160/21-22/B2/ B2/2052/21 | X/691 | പൂന ബസാർ പച്ചക്കറി കച്ചവടം | മൂസ, കല്ലിങ്ങൽ, വള്ളിയിൽ, ഉള്ളന്നൂർ | മൂലധനം, സേവനം /ഉൽപാദന മേഖല, ജോലി ക്കാരുടെ എണ്ണം, മാലിന്യ സംസ്കരണ രീതി |
| 10 | 424/21-22/A1/ B2/142/21 Dt.17.02.22 | 1/939 | യെസ്റ്റീം/ തുണിക്കച്ചവടം | സൂരയ്യയൂസഫ്, കളളിപറമ്പിൽ (ഹൗസ്), തൃത്താല | മൂലധനം, സേവനം / ഉൽപ്പാദന മേഖല, ജോലിക് കാരുടെ എണ്ണം, മാലിന്യ സംസ്കരണ രീതി |
| 11 | B2/1651 /21-22/ 13 Dt.1.4.21 | 6/143 JK | ഡി.2ഡി Lights | കെ.ഷമീർ, കാവുങ്ങൾ, പള്ളിപ്പുറം, പട്ടാമ്പി | മൂലധനം, സേവനം/ ഉൽപ്പാദന മേഖല, ജോലി ക്കാരുടെ എണ്ണം, മാലിന്യ സംസ്കരണ രീതി |
| 12 | 375/21-22/B2/ B3/5414/21 | VI/408A | ഫാത്തിമ ഫ്ളോർ മിൽ | അലി.പി പുളിക്കൽ(വീട്), ഞാങ്ങട്ടിരി | മോട്ടർ, മൂലധനം, സേവനം /ഉൽപ്പാദന മേഖല, മാലിന്യ സംസ്കരണ രീതി |
| 13 | 404/21-22 /B2/B3 /4584/ 21 Dt.10.09.21 | Ix/225 | വുഡ്ക്രാഫ്റ്റ് ഇൻഡസ്ട്രീസ്/ വീടാവശ് യത്തിനുള്ള കട്ടിള,ജനൽ, കതക് എന്നിവയുടെ നിർമ്മാണം | തെക്കില്ലത്ത് വളപ്പിൽ,മാട്ടായ ഞാങ്ങട്ടിരി | മോട്ടർ എ.ച്ച്, പി,മൂലധനം, സേവനം/ ഉൽപ്പാദന മേഖല, മാലിന്യ സംസ്കരണ രീതി, |

| | | | | | |
|---|---|---|---|---|---|
| 14 | 301/21-22/B2/ B3/824/21 Dt.01.04.21 | 1/645 F | അക്യൂമാർട്ട് ഓട്ട് ലൈറ്റ് | അബ്ബാസ്.എം. മേലതയ്ക്ക് നാഗലശ്ശേരി | മൂലധനം, സേവനം/ ഉൽപ്പാദന മേഖല, മാലിന്യ സംസ്കരണ രീതി, |
| 15 | 210/21-22/B2/ B2/26262/21 Dt.1.4.21 | XI175B | ദുർഗ്ഗ എന്റർ പ്രൈസസ് / മരപ്പണി, | സാബുപി.ബി. പാടിഞ്ഞാറേ പുരയ്ക്കൽ, ഞങ്ങാട്ടിരി | മൂലധനം, മോട്ടോർ വിവരങ്ങൾ |
| 16 | 254/21-22 /B2/2455/ 21 Dt.01.04.21 | X/207 | മാട്ടായ ഫ്ളോർ | ഷാഫിയുള്ള പാടിഞ്ഞാറേ പീടികയിൽ, ഞങ്ങാട്ടിരി | മൂലധനം, സേവനം മേഖല/ ഉൽപ്പാദന മേഖല, മാലിന്യ സംസ്കരണ രീതി |
| 17 | 297/21-22/B2/ B2/3277/21 Dt.01.04.21 | XIV/207 | പി.വി.എം കല്യാണ മണ്ഡപം, | സിദ്ദീഖ് അലി. മേഴത്തൂർ | അപേക്ഷ അപൂർണ്ണം -ജീവന ക്കാരുടെ എണ്ണം, മൂലധനം, മാലിന്യ സംസ്കരണം |
| 18 | 312/21-22/B2/ B2/3716/21 Dt.01.4.21 | IV/357/B | അബ്ദുൽ അസീസ് ലെതർ, ഇന്റർ നാഷണൽ/ തുകൽ കയറ്റുമതി | സുധീർ, ഊരാതൊടിയിൽ (വീട), തൃത്താല. | മൂലധനം, മാലിന്യ സംസ്കരണം എന്നിവയുടെ വിവരങ്ങൾ |
| 19 | 320/21-22/B2/ B3/3464/21 Dt.1.4.21 | VI/569A B | ആൽപ ബിവറേജ്സ് ആന്റ് സോഫ്റ്റ് ഡ്രിങ്ക്സ് | കെ.വി.ബഷീർ കളത്തിങ്കൽ, വളപ്പിൽ, മാട്ടായ | മൂലധനം |

ഇതു സംബന്ധിച്ച എൻക്വയറി നം.20/27.2.2023 ക്ക് അപൂർണ്ണമായ അപേക്ഷകൾ സ്വീകരിക്കാറില്ല എന്നാണ് മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ പല അപേക്ഷകളും ഇത്തരത്തിലാണ് സ്വീകരിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് വേളയിലെ പരിശോധനയിൽ വ്യക്തമായതാണ്.

ഓഡിറ്റ് നിർദ്ദേശം

ലൈസൻസ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് 1994 വകുപ്പ് 232, 233 പ്രകാരമുള്ളവയും, ചട്ടം 5 മുതൽ 26 വരെയുള്ള നടപടിക്രമങ്ങളും അനുസരിക്കേണ്ടതാണ്.

സ്വീകരിക്കുന്ന അപേക്ഷകളിൽ എല്ലാരേഖപ്പെടുത്തലുകളും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-14 വസ്തുനികുതി- നിർണ്ണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വസ്തുനികുതി നിർണ്ണയിച്ച സഞ്ചയ സോഫ്റ്റ്‌വെയറിലെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

താഴെ പറയുന്ന ക്രമ പ്രകാരമാണ് കെട്ടിടങ്ങൾക്ക് വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ നിർണ്ണയിച്ചിരിക്കുന്നത്.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ=50

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ=60

വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ =60

വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ =90

എന്നാൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിനനസരിച്ച് നികുതി കണക്കാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / വീട് നം. | പേര്/ മേൽ വിലാസം | സഞ്ചയ പ്രകാരം | | | ഈടാ ക്കേണ്ട നികുതി | വ്യത്യാസം കുറവ് (-) കൂടുതൽ (+) |
|---|---|---|---|---|---|---|---|
| | | | വിസ്തീർണ്ണം | ഉപയോഗ ക്രമം | ഈടാക്കിയ നികുതി | | |
| 1 | 10/101A | മുഹമ്മദ്ദാലി, മൂച്ചിക്കോട്ടിൽ | 427.78m$^2$ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ. മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 60X427.78 M$^2$ =25666.8<br>ഇളവ് =10%(2566)<br>BT=23101<br>LC=1156<br>ആകെ =24257 | 90x427.78m$^2$ =38500.2<br>ഇളവ് =10%(3850)<br>BT=34650<br>LC=1732<br>ആകെ =36382.5 | 12125.5(-) |
| 2 | 6/500A | അഷറഫ് പണിക്കാ വീട്ടിൽ | 142m$^2$ | ,, | 50x142m$^2$ =7100<br>ഇളവ് =20%(1420)<br>BT=5680<br>LC=284<br>ആകെ =5964 | 60x142m$^2$ =8520<br>ഇളവ് =20%(1704)<br>BT=6816<br>LC=340<br>ആകെ =7156 | 1192(_) |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 16/139B | അലി അഹമ്മദ്ദുണ്ണി, ചങ്ങരത്ത് വളപ്പിൽ | 30m$^2$ | വാണിജ്യാ വശ്യത്തി നള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 60x30 =1800 ഇളവ് =10%(180) BT=1980 LC=99 ആകെ =2079 | 50x30=1500 ഇളവ് =10%(150) BT=1650 LC=83 ആകെ =1733 | 346(+) |
| 4 | 16/139C | അലി അഹമ്മദ്ദുണ്ണി ,ചങ്ങരത്ത് വളപ്പിൽ | 30m$^2$ | ,, | 60x30m$^2$ =1800 ഇളവ് =10%(180) BT=1980 LC=99 ആകെ =2079 | 50x30m$^2$ =1500 ഇളവ് =10%(150) BT=1650 LC=83 ആകെ =1733 | 346(+) |
| 5 | 16/139E | അലി അഹമ്മദ്ദുണ്ണി, ചങ്ങരത്ത് വളപ്പിൽ | 30m$^2$ | ,, | 60x30m$^2$=1800 ഇളവ് =10%(180) BT=1980 LC=99 ആകെ =2079BT =1650 | 50x30m$^2$ =1500 ഇളവ് =10%(150) BT=1650 LC=83 ആകെ =1733 | 346(+) |
| 6 | 16/139F | അലി അഹമ്മദ്ദുണ്ണി, ചങ്ങരത്ത് വളപ്പിൽ | 30m$^2$ | ,, | 60x30m$^2$ =1800 ഇളവ് =10%(180) BT=1980 LC=99 ആകെ =2079 | 50x30 M$^2$=1500 ഇളവ് =10%(150) LC=83 ആകെ =1733 | 346(+) |

ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.19/27.2.2023 ) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

കെട്ടിടങ്ങൾക്ക് നികുതി കൂടിയും കുറഞ്ഞും നിശ്ചയിച്ചിരിക്കുന്നത് ക്രമമല്ല. ചട്ടപ്രകാരമുള്ള വസ്തു നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-1 തെറ്റായ ഉപയോഗക്രമം - നികുതി കുറച്ച് അടവാക്കിയിരിക്കുന്നു

നികുതി നിർണ്ണയത്തിലെ വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം.5/312A ൽ പ്രവർത്തിക്കുന്ന മുഹമ്മദ്കുട്ടി.കെ.പി, പള്ളിക്കാട്(വീട്), എന്നിവരുടെ ഉടമസ്ഥതയിലുള്ള മിസ്റ്റർകെയർ (പ്രൈവറ്റ് ലി.) (ലൈസൻസ് നം.B2/1650/21-22(5) Dt.1.4.21) എന്ന സ്ഥാപനത്തിന് സഞ്ചയ പ്രകാരം തെറ്റായ ഉപയോഗക്രമം നൽകി നികുതി കുറച്ച് അടാവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സഞ്ചയ പ്രകാരം | | | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| വിസ്തീർണ്ണം | ഉപയോഗക്രമം | ഈടാക്കിയ നികുതി | | |
| 711.02 | 100 $M^2$ ന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 60x711.02=42661.2, ഇളവ് (10%)=4266 BT=38396, LC=1920, ആകെ =40316 | 200 $M^2$ മുകളിലുള്ള വാണിജ്യാവശ്യത്തിലുള്ള കെട്ടിടങ്ങൾ 90x711.02= 63992ഇളവ് (10%)= 6399 BT=57652 LC=288, ആകെ =57940 | 17624/- |

ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക് (20/27.2.2023) പ്രസ്തുത വ്യക്തിയിൽ നിന്നും നികുതി ഈടാക്കും എന്നതാണ് സെക്രട്ടറി നൽകിയ മറുപടി. ആയതിനാൽ സഞ്ചയിൽ ആവശ്യമായ മാറ്റം വരുത്തിയ ഫോം 6 ലഭ്യമാക്കേണ്ടതാണ്.

## 1-14-2 ഉദ്യം സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത സ്ഥാപനത്തിന് വസ്തു നികുതിയിൽ ഇളവ് നൽകി

കെട്ടിട നം.VI/569AB ൽ കെ.വി.ബഷീർ കളത്തിങ്കൽ, വളപ്പിൽ, മാട്ടായ എന്നിവരുടെ ഉടമസ്ഥതയിലുള്ള 320/21-22/B2/B3/3464/21 Dt.1.4.21 ലൈസൻസിൽ പ്രവർത്തിക്കുന്ന ആൽഫ, ബിവറേജസ് ആന്റ് സോഫ്റ്റ് ഡ്രിങ്ക്സ് എന്ന സ്ഥാപനത്തിന് ഉദ്യം രജിസ്ട്രേഷൻ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ആയതിനുസരിച്ചാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ലൈസൻസ് അപേക്ഷയിൽ ഉദ്യം രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക്(നം.20/27.2.2023). പ്രസ്തുത വ്യക്തിയിൽ നിന്നും ടി വിവരം ആരായും എന്നതാണ് സെക്രട്ടറി നൽകിയ മറുപടി.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സ്ഥാപനത്തിന് ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പാക്കി വസ്തു നികുതി പിരിവ് കൃത്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ലൈസൻസ് പുതുക്കുമ്പോൾ അപേക്ഷയിലെ വിവരങ്ങളിൽ പൊരുത്തക്കേടുകൾ/സംശയങ്ങൾ ഉണ്ടെങ്കിൽ അവ പരിശോധിച്ച് ഉറപ്പു വരുത്തിയതിനുശേഷം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 1-15 രസീതി പരിശോധന അപാകങ്ങൾ

24.05.2017-ലെ സ.ഉ(സാധാ)നം.1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ-ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.150/2009/ തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-15-1 സാംഖ്യ രസീതി

I. ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള സാംഖ്യ രശീതികളിൽ കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ജനുവരി 2022 ൽ ക്യാൻസൽ ചെയ്ത രസീതുകൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്യാൻസൽ ചെയ്ത രസീതുകൾ |
|---|---|
| 1 | A3914561 |
| 2 | A3914562 |
| 4 | A3914563 |
| 5 | A3914600 |
| 6 | A3914852 |
| 7 | A3914880 |
| 8 | A3914987 |
| 9 | A3914988 |
| 10 | A3914996 |
| 11 | A3914999 |
| 12 | 7092048 |
| 13 | 7092049 |
| 14 | 7092050 |
| 15 | 7092052 |
| 16 | 7092054 |
| 17 | 7092055 |

## 1-15-2 മാന്വൽ രസീതി പുസ്തകങ്ങൾ

മാന്വൽ രസീതി പുസ്തകങ്ങൾ

I) 10750 രസീത് പുസ്തകത്തിലെ 8 മുതൽ 17 വരെയുള്ള രസീതികൾ ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

Ii) 10748 രസീതി പുസ്തകത്തിൽ 17.2.22 തീയതിയിലെ 87 മുതൽ 100 വരെയുള്ള രസീതുകൾ പ്രകാരം ഈടാക്കിയ തുകകൾ അടവാക്കിയ വിവരം വ്യക്തമാക്കുന്ന പാസ് ബുക്ക് , ബാങ്ക് സ്റ്റേറ്റ് മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | രസീത് നം. | തുക |
|---|---|---|
| 1 | 87 | 115 |
| 2 | 88 | 115 |
| 3 | 89 | 115 |

| | | |
|---|---|---|
| 4 | 90 | 1198 |
| 5 | 91 | 1105 |
| 6 | 92 | 305 |
| 7 | 93 | 573 |
| 8 | 94 | 573 |
| 9 | 95 | 573 |
| 10 | 96 | 305 |
| 11 | 97 | 1728 |
| 12 | 98 | 819 |
| 13 | 99 | 162 |
| 14 | 100 | 439 |
| ആകെ | | 8010 |

Iii) വെറ്ററിനറി സർജന് 3.2.2022 ന നൽകിയ 10746, 10747 രസീതു പുസ്തകങ്ങൾ ഓഡിറ്റ് പരിശോധനയ്ക്കുഹാജരാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.24/27.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ രസീതു പുസ്തകങ്ങൾ പ്രകാരം ഈടാക്കി അടവാക്കിയ തുകയുടെ കൃത്യത പരിശോധിക്കാനോ തുക അടവാക്കിയത് ഉറപ്പാക്കാനോ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തി തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. ക്യാൻസൽ ചെയ്ത മാന്വൽ രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. ക്രമ നം. Ii ൽ നിർദ്ദേശിച്ചിരിക്കുന്ന ആകെ തുകയായ 8010/- രൂപ അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. 10746, 10747 രസീത് പുസ്തകങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 കുടുംബശ്രീ അക്കൗണ്ടിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന പ്ലാൻ ഫണ്ട്, NREGS ഫണ്ട് ഇവ തിരിച്ചടയ്ക്കണം

ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികളുടെ നടത്തിപ്പിന് മുൻ വർഷങ്ങളിൽ കുടുംബശ്രീക്ക് കൈമാറിയ തുകകൾ ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ കിടക്കുന്നുണ്ട്. കൂടാതെ തൊഴിലുപകരണങ്ങൾ പരിപാലിക്കുന്നതിനായി NREGSൽ നിന്നും ലഭിച്ച തുകയും വിനിയോഗിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ കിടക്കുന്നുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | തുക (₹) |
|---|---|
| ജില്ലാ പഞ്ചായത്ത് പ്ലാൻ ഫണ്ട് | 437,920.00 |
| പഞ്ചായത്ത് പ്ലാൻ സബ്സിഡി | 179,000.00 |
| NREGS | 501,421 |
| ആകെ | 1,118,341.00 |

ഓരോ വിഭാഗത്തിലെയും തുകകൾ ഏത് കാര്യത്തിന് ലഭിച്ചതാണെന്ന് പരിശോധിച്ചുറപ്പാക്കി പ്രോജക്ടുകൾ നടപ്പാക്കാനാവുന്നില്ലെങ്കിൽ തുക തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-17 സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായതിൽ വിനിയോഗിക്കാത്ത തുക തിരിച്ചടക്കണം

ഗ്രാമപഞ്ചായത്തിൽ നിന്നും പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായ തുകയിൽ ₹1730127/- (ഹെഡ് കോഡ് 320700204 പ്രകാരം ₹1,705,520/-, 320700404 പ്രകാരം ₹24,607/-) പാലക്കാട് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായതിൽ ₹210071/- (ഹെഡ് കോഡ് 320700105 പ്രകാരം ₹145,393/-, 320700205 പ്രകാരം ₹64,678/-) എന്നിങ്ങനെ ചെലവഴിക്കാതെ നീക്കിയിരിപ്പായുണ്ട്. തുക പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 04/2022<br>കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1250000/-<br>ഫണ്ടിനം - വികസനഫണ്ട്- 312500 +<br>സംസ്ഥാനാവിഷ്കൃതം – 312500+ മറ്റുള്ളവ - 62500) |
| ചെലവ് | 312500/-<br>ഫണ്ടിനം - വികസനഫണ്ട് |
| ബിൽ നമ്പർ / തീയതി | 178/05.01.22 – 312500 |
| ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി | 10/24.02.23 |

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി എന്ന പ്രജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതമായ 312500 രൂപ പാലക്കാട് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ, Calf Feed Subsidy Programme ന് (A/c No. 714021400000008) കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം – 10/24.02.23) മറുപടി ലഭ്യമാക്കിയില്ല.

1-19 പാലിയേറ്റീവ് കെയർ പദ്ധതി - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

07.03.2019 ലെ സ.ഉ.(സാ.ധാ)നം.553/2019 ത.സ്വ.ഭ.വ പ്രകാരം ആണ് പാലിയേറ്റീവ് കെയർ പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത്.

പാലിയേറ്റീവ് പരിചരണത്തിനും ഹോംകെയറിനുമായി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു പ്രോജക്ടാണ് (103/22) നിർവ്വഹണം നടത്തിയിട്ടുള്ളത്. നിർവ്വഹണത്തിൽ പ്രസ്തുത ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1) ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല

ഖണ്ഡിക 2.6.3 പ്രകാരം അതാത് ദിവസത്തെ ഗൃഹസന്ദർശന വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ ചേർക്കേണ്ടതും രജിസ്റ്റർ ആഴ്ചയിലൊരിക്കൽ കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ച് നൽകേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്. എന്നാൽ പി

എച്ച് സി യിലെ ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ ഇപ്രകാരം ചെയ്ത് കാണുന്നില്ല.

2) പി എം സി യോഗം മാർഗ്ഗരേഖാ പ്രകാരമുള്ള ഇടവേളകളിൽ കൂടുന്നില്ല

മേൽ ഉത്തരവിന്റെ ഖണ്ഡിക 2.9.1 പ്രകാരം, പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പരിഹാരനടപടികൾക്കുള്ള തീരുമാനം എടുക്കേണ്ടതുമാണ്. ഓരോ മാസത്തെയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർസെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി ആയത് അംഗീകരിക്കേണ്ടതുമാണ്. എന്നാൽ തൃത്താല ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ പി എം സി ഒരു പ്രാവശ്യം (25.03.22) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

മേൽ വിഷയത്തിൽ വിശദീകരണം ആ വശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേണത്തിന് ( നം. 14 / 24.02.23 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-20 എസ്.എസ്.എൽ.സി, പ്ളസ് ടു - തുല്യതാ പഠനം - പദ്ധതി പൂർത്തീകരണരേഖകൾ ഹാജരാക്കണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച്.എം, ജി.എൽ. പി. സ്കൂൾ |
| പ്രോജക്ട് നമ്പർ, പേര് | 75, എസ്.എസ്.എൽ.സി, പ്ളസ്ടു - തുല്യതാ പഠനം |
| അടങ്കൽ | 50000<br>ഫണ്ടിനം-വികസനഫണ്ട് - ജനറൽ |
| ചെലവ് | 50000<br>ഫണ്ടിനം-വികസനഫണ്ട് - ജനറൽ |
| ബിൽ നമ്പർ തീയതി | റിക്വിസിഷൻ നമ്പർ - 5081007301210004 / 10.03.22 - 14000<br>റിക്വിസിഷൻ നമ്പർ - 5081007301210003 / 10.03.22 - 22000<br>റിക്വിസിഷൻ നമ്പർ - 5081007301210003 / 10.03.22 -14000 |
| ഓഡിറ്റ് എൻക്വയറി നമ്പർ | 13, 24-02-2023 |

എസ്.എസ്.എൽ.സി, പ്ളസ് ടു തുല്യതാ പഠിതാക്കളുടെ ഫീസ് നൽകുന്നതിനായിട്ടാണ് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച പ്രകാരം 50000 രൂപ കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ആകെ 8 എസ്.എസ്.എൽ.സി പഠിതാക്കൾക്കും 7 പ്ളസ് ടു പഠിതാക്കൾക്കും 3 പ്ളസ് വൺ പഠിതാക്കൾക്കും ഫീസ് നൽകിയിട്ടുണ്ട്. അവയിൽ താഴെ പറയുന്ന പഠിതാക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾടിക്കറ്റ്, മാർക്ക് ലിസ്റ്റ് മുതലായവ) പരിശോധനക്കായി ഹാജരാക്കിയില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 13/ 24.02.23) ടി വിദ്യാർത്ഥികൾ അടുത്ത വർഷമാണ് പരീക്ഷക്ക് ഹാജരാകുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | അപേക്ഷയുടെ നമ്പർ | ഫീസ് നൽകിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| എസ്.എസ്.എൽ.സി | | | |
| 1 | അബ്ദുൾ റഷീദ് | 339151 / 10.09.21 | 1750 |
| 2 | മുഹമ്മദ് സിദ്ദിഖ് | 339305 / 10.09.21 | 1750 |
| 3 | അൽ അമീൻ | 339227 / 10.09.21 | 1750 |
| 4 | സുമേഷ് | 339329 / 10.09.21 | 1750 |
| പ്ളസ് വൺ | | | |
| 1 | റഹ്മത്തുന്നീസ | 339127/ 12.09.21 | 2200 |
| 2 | രജീഷ് | 361452/ 12.09.21 | 2200 |

തുടർനടപടി വിവരം അറിയിക്കേണ്ടതും പഠിതാക്കൾ പരീക്ഷക്ക് ഹാജരായതിന്റെയും പദ്ധതി പൂർത്തീകരിച്ചതിന്റെയും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-21 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1. പ്രോജക്ട് നം 165/22 (S.O For 2019-20)
(പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി)
അടങ്കൽ- 635695 (വികസനഫണ്ട് -എസ്. സി. പി)
ചെലവ് - 250550
2. പ്രോജക്ട് നം 168/22 (S.O For 2020-21)
(പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി)
അടങ്കൽ- 475000(വികസനഫണ്ട് -എസ്. സി. പി)
ചെലവ് - 325000

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മേൽ പറയും പ്രകാരം രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിൽ ആരംഭിച്ച പദ്ധതികൾ 2021-22 വർഷത്തിൽ സ്പിൽഓവറായാണ് നടപ്പിലാക്കുന്നത്.

I) 2019-20 ൽ ആരംഭിച്ച പദ്ധതിയിൽ 2 ഗുണഭോക്താക്കൾ നാളിതു വരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

A) ഷിനു. കെ. പി

ഒന്നാം ഗഡു-50000-10.02.2020 നും രണ്ടാംഗഡു 75000 07.01.22 നും കൈപ്പറ്റിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് മൂന്നാംഗഡു കൈപ്പറ്റിയിട്ടില്ല.

B) അർച്ചന. പി

ഒന്നാം ഗഡു-50000-10.02.2020 നും രണ്ടാംഗഡു 75000 06.11.2020 നും കൈപ്പറ്റിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് മൂന്നാംഗഡു കൈപ്പറ്റിയിട്ടില്ല.

Ii) 2020-21 ൽ പഠനമുറി നിർമ്മാണം ആരംഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ 50000, 75000 എന്നിങ്ങനെ ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

I) കാർത്തിക.കെ. പി -50000-03.11.20, 75000-5.02.21

Ii) ശ്രേയ. പി -50000-10.08.21, 75000- 07.01.22

പഠനമുറി നിർമ്മാണത്തിന്റെ പുരോഗതി മോണിറ്റർ ചെയ്യുന്നുണ്ടെന്നും തുടർ വിവരങ്ങൾ അറിയിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 23/27.02.23 പ്രകാരം അന്വേഷിച്ചതിനു മറുപടിയായി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ധനസഹായം നൽകി മൂന്ന് വർഷങ്ങൾ ആയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. നിർമ്മാണപുരോഗതി നിരന്തരം മോണിറ്റർ ചെയ്യേണ്ടതും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-22 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് മിഷൻ -സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി പ്രകാരം 2022 വർഷത്തിനുള്ളിൽ പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീട് ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്തിൽ മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. ഇതിൽ മുൻകാലങ്ങളിൽ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത വീടുകളുടെ പൂർത്തീകരണം (ലൈഫ് ഫേസ് -1) സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്.

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും ഭവനം ലഭ്യമാക്കുന്നതിനാണ് ലൈഫ് ഫേസ്-2 ൽ ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതരായ 137 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

സ്വന്തമായി ഭൂമിയും ഭവനവും ഇല്ലാത്ത 279 പേരാണ് ഫേസ് -3 ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്. ഇവരിൽ ഭൂമി വാങ്ങി ഫേസ് -2 ലേക്ക് മാറി വന്ന ഏതാനും ഗുണഭോക്താക്കൾ 2021, 2022 വർഷങ്ങളിലായി എഗ്രിമെന്റ് ചമച്ചെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ പേര് വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | പൂർത്തീകരിക്കാത്ത ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വച്ച തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 159/22 ലൈഫ് ഭവനപദ്ധതി (ജനറൽ ) | രാധാമണി.വി.ജി ചാത്തംകുളത്തിൽ വീട് | 15.11.21 | 200000 |
| 160/22 ലൈഫ് ഭവനപദ്ധതി (എസ്. സി. പി), 155/22 ലൈഫ് ഭവനം (ജനറൽ) | സിന്ധു, W/o പ്രമോദ് നടുവിൽപ്പാട്ട് വീട്, വി. കെ. കടവ് | 18.11.21 | 140000 |
| | ഷീജ, W/o സുന്ദരൻ വളയത്താഴത്ത് | 23.12.21 | 200000 |
| | സമീറ, അത്തക്കൊറ്റു വളപ്പിൽ | 27.10.21 | 300000 |
| | രമ്യ ബിജുലാൽ, പാടൻമാരിൽ വീട് | 24.03.22 | 40000 |
| | പ്രിയ നാരായണൻ | 24.03.22 | 40000 |
| | നീതു സതീഷ് മേഴത്തുർ പറമ്പിൽ | 24.03.22 | 40000 |
| | സുജാത, മോഹൻദാസ് തിരുത്തമ്മൽ | 27.03.22 | 140000 |
| | രമ്യ അനിൽകുമാർ ഉള്ളാണത്ത് പറമ്പിൽ | 08.10.21 | 140000 |
| | പ്രജിഷ, പനമ്പറ്റപ്പറമ്പിൽ | 11.08.21 | 140000 |

ഈ ഗുണഭോക്താക്കളുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കുന്നതിനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/23.02.23) മറുപടിയായി എല്ലാ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും ഉടൻ പൂർത്തീകരിക്കുമെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

ഫേസ്-3 ലിസ്റ്റിൽ ഉൾപ്പെട്ട മറ്റ് ഗുണഭോക്താക്കൾക്ക് നാളിതു വരെ ഭൂമിയോ ഭവനമോ ലഭ്യമാക്കിയിട്ടില്ല. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-23 ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

ധനകാര്യ എസ്.എഫ്.സി.ബി. വകുപ്പിന്റെ സർക്കുലർ നം. 63/21(ധന) തീയതി 02.08.21 പ്രകാരം മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ഓരോ മാസവും വിവിധ കാരണങ്ങളാൽ പെൻഷൻ സ്വീകരിക്കാത്ത ഗുണഭോക്തളുടെ ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അനർഹരായ ഗുണഭോക്താക്കൾ മാസങ്ങളായി ഡാറ്റാബേസിൽ

തുടരുന്നു. നവംബർ 2022 ലെ ഡിസ്ക്രിപൻസി ലിസ്റ്റാണ് പരിശോധിച്ചിട്ടുള്ളത്. ആയതു പ്രകാരം 339 ആക്റ്റീവ് പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിവിധ കാരണങ്ങളാൽ തടഞ്ഞുവെക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ ആഗസ്റ്റ് 2019 മുതൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നില്ല

മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള കാലഘട്ടം |
|---|---|---|
| രമ. കെ.പി | 108100400064 (വികലാംഗ പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| നളിനി. കെ | 108100400001 (വികലാംഗ പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| രാമകൃഷ്ണൻ നായർ | 108100200607 (വാർദ്ധക്യകാല പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| മുണ്ടി | 108100200558 (വാർദ്ധക്യകാല പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| തിത്തു | 108100201788 (വാർദ്ധക്യകാല പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| ജോബുക്കുട്ടി | 108100200512 (വാർദ്ധക്യകാല പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |

ഇപ്രകാരം 234 പെൻഷൻ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിലുണ്ട്.

നിലവിൽ ഇവർ മരണപ്പെടുകയോ മറ്റേതെങ്കിലും തരത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്ന വിവരം പരിശോധനാ വിധേയമാക്കി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2. പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്ക് ഡി.ബി.റ്റി സെൽ വഴി തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷണർ ഐ.ഡി നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | മരണപ്പെട്ടതിനുശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| 1. | പത്മാവതി അമ്മ | 108100100211 Active (കർഷക തൊഴിലാളി പെൻഷൻ) | 15.11.21 | 12/21 മുതൽ 11/22 വരെ | 19200 |

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളാണ് മേൽ പറഞ്ഞിട്ടുള്ളത്. എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി മരണപ്പെട്ട/ അനർഹരായ ആളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ വാങ്ങിവരുന്ന ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ വളരെക്കാലമായി ഇവരുടെ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതായി കണ്ടെത്തി. എന്നാൽ ഗുണഭോക്താക്കൾ പെൻഷൻ ഡാറ്റാബേസിൽ നിലവിൽ ആക്റ്റീവ് ആയി തുടരുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത മാസം |
|---|---|---|---|
| 1 | കോച്ചി | 108100100600 (കർഷക തൊഴിലാളി പെൻഷൻ) | ജൂലൈ 21 മുതൽ |
| 2 | ചക്കി . സി | 108100100206 (കർഷക തൊഴിലാളി പെൻഷൻ) | മെയ് 22 മുതൽ |
| 3 | മൊയ്തീൻ | 108100200673 (വാർദ്ധക്യകാല പെൻഷൻ) | ജൂൺ 2020 മുതൽ |
| 4 | പാറുക്കുട്ടി. സി | 108100201206 (വാർദ്ധക്യകാല പെൻഷൻ) | നവംബർ 19 മുതൽ |

4. Deceased എന്നു രേഖപ്പെടുത്തി വരുന്ന ഡയറക്റ്റ് ടു ഹോം പെൻഷനർമാരെ പെൻഷൻ അതത് മാസങ്ങളിൽ തന്നെ അന്വേഷണം നടത്തി സസ്പെൻഡ് ചെയ്യുന്നില്ല. ഇത്തരത്തിലുള്ള 42 ഗുണഭോക്താക്കൾ ലിസ്റ്റിലുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം Deceased എന്ന രേഖപ്പെടുത്തിയ മാസങ്ങൾ |
|---|---|---|---|
| 1 | നളിനി | 108100600173 (വിധവ പെൻഷൻ) | ഒക്ടോബർ22 മുതൽ |
| 2 | സൈനബ | 108100600617 (വിധവ പെൻഷൻ) | ജൂലൈ 22 മുതൽ |
| 3 | റുക്കിയ പി. വി | 108100600688 (വിധവ പെൻഷൻ) | ജൂലൈ 22 മുതൽ |

ഓഡിറ്റ് അന്വേഷണം നം 15/24.02.23 പ്രകാരം അന്വേഷണം നടത്തിയതിന് മറുപടിയായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 പൊതുടാപ്പുകൾ - ഗ്രാമപഞ്ചായത്തിന്റെ ബാധ്യത കുറവ് ചെയ്യേണ്ടതാണ്

പൊതു കുടിവെള്ള ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 163552 രൂപ പ്രതിമാസം കേരളവാട്ടർ അതോറിറ്റിയിലേക്ക് ഗ്രാമപഞ്ചായത്ത് അടവാക്കുന്നുണ്ട്. ആകെ 356 ടാപ്പുകളുടെ വെള്ളക്കരം ആണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. എന്നാൽ പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ജൽജീവൻ മിഷന് തുക നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് കൃത്യമായി ലഭ്യമാകാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കിയിട്ടില്ല. പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം കണക്കാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ അധിക ബാധ്യത കുറവ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 22/27.02.23 പ്രകാരം അന്വേഷണം നടത്തിയതിന് മറുപടിയായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-25 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 31 | 78 | 109 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 20 | 66 | 86 |
| പൂർത്തീകരിച്ചതിന്റെ ശതമാനം | 64.52 | 84.62 | 78.9 |

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 40000 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 650000 | 635925 | 97.83 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 7429747 | 3587404 | 48.28 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5712000 | 1965104 | 34.4 |
| ബ്ലോക്ക് പഞ്ചായത്ത് | 737616 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 4602000 | 3866815 | 84.02 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4880272 | 1857066 | 38.05 |
| തനത് ഫണ്ട് | 7536642 | 2470094 | 32.77 |
| ആകെ | 31588277 | 14382408 | 45.53 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 78.9% പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 45.53% മാത്രമാണ് ചെലവഴിക്കാനായത്. സ്പിൽ ഓവർ പ്രവൃത്തികളിൽ പതിനൊന്ന് എണ്ണം തൻവർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മെയിന്റനൻസ് ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർവർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായും വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് സമയത്ത് നൽകിയ രണ്ട് ഓഡിറ്റ് അന്വേഷണങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-26 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കാത്തത്

1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സ.ഉ(കൈ)നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് ഖണ്ഡിക 26 ൽ കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ തൃത്താല ഗ്രാമപഞ്ചായത്ത് 2021-22ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (12/24.02.2023) മറുപടിയിൽ 2021-22 വാർഷിക പദ്ധതിയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ നെയിം ബോർഡ് ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു എന്നും പ്രവൃത്തികൾക്ക് ചെറിയ ഫണ്ട് മാത്രം ഉണ്ടായിരുന്നതിനാൽ അത് മുഴുവനും റോഡ് പണിക്കായി മാറ്റിവെക്കുകയായിരുന്നു എന്നും 2022-23ൽ എല്ലാ പ്രവൃത്തികളിലും നെയിം ബോർഡ് ഐറ്റം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

എല്ലാ പ്രവൃത്തികളുടെയും നിർവ്വഹണസ്ഥലത്ത് 1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം.17 (3)ൽ സൂചിപ്പിച്ച എല്ലാ വിവരവും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിക്കേണ്ടതാണ്.

1-27 മെറ്റീരിയൽ കളക്ഷൻ സെന്റർ പ്രവർത്തനക്ഷമമാക്കാത്തത്

പ്രോജക്ട് നമ്പർ 171/22: മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണവും ഭൗതിക സൗകര്യം ഒരുക്കലും എന്ന പ്രവൃത്തിക്കായി ₹20,00,000/- കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം ₹1578681/- ചെലവഴിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. (അളവു പുസ്തകം 56/2020-21, 57/2020-21 കാണുക) എന്നാൽ ജലവിതരണം, ഷ്രെഡിങ് മെഷീൻ സ്ഥാപിക്കൽ, വൈദ്യുതീകരണം എന്നീ ഇനങ്ങൾ നിർവ്വഹിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 26/27.02.2023) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ 171/22: മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണവും ഭൗതിക സൗകര്യം ഒരുക്കലും എന്നതിന്റെ സിവിൽ വർക്ക് പൂർത്തീകരിക്കുന്നതിനായി മെറ്റീരിയൽ കളക്ഷൻ സെന്റർ കുടിവെള്ളം അനുബന്ധ സൗകര്യങ്ങളും എന്ന പ്രവൃത്തിയും എം.സി.എഫ് വൈദ്യുതീകരണം എന്ന പ്രവൃത്തിയും ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കെട്ടിടത്തിൽ ആവശ്യമായ യന്ത്രങ്ങൾ സ്ഥാപിക്കുന്നത് പ്രൊക്യൂർമെന്റ് പ്രോജക്ട് ആയതിനാൽ പഞ്ചായത്തിൽ നിന്നും നടപ്പാക്കും എന്നും അറിയിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണം ഫലവത്താക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ സെന്റർ പൂർണ്ണതോതിൽ സജ്ജീകരിച്ച് യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് പ്രൊജക്ട് വിഭാവനം ചെയ്ത രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പെർമിറ്റ് ഫീ അടവാക്കിയതിൽ കുറവ്

2019 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഷെഡ്യൂൾ II പ്രകാരം വാസഗൃഹങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് 10 രൂപയാണ്. എന്നാൽ 2021-22 വർഷത്തെ പെർമിറ്റ് ഫീ അടവാക്കിയതിൽ ഏതാനും കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ കുറവായി കണാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം. | വിലാസം | സർവ്വേ നം. | ഉപയോഗം | വിസ്തീർണ്ണം | രസീതി നം. തിയ്യതി | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 3815 Dt.22.04.21 | ഗംഗാധരൻ തിരുത്തൻ പാറ കോടനാട്, മേഴത്തൂർ | 218/3 | വാണിജ്യം | താഴത്തെ നില-22.31 ആദ്യനില -26.79 =49.10 $M^2$ | 100407/21 Dt.31.5.21 | 172 | 49.10x10= 491 491-172= 319 |
| 2 | 5680/20 Dt.24.12.20 | സിദ്ദീഖ്, കോട്ടയിൽ (H), തൃത്താല | 11/4B4 | വാണിജ്യം | 302.4 $M^2$ | 121130 100285 Dt.22.4.21 | 1904 | (302.4x10) 3024-1904 =1120 |
| 3 | 3821/dt. 14.7.21 | പി. വാസുദേവൻ, മാനേജിംഗ് പാർട്ണർ, ഹെർബർ ഫാംസ് റിസോർട്ട്സ് | 243/3, 243/2, 243/1 | റിസോർട്ട് | 6820 $M^2$ | 1211301 03026 Dt.30.11.21 | 11274 | 68200 (6820x10) -11274= 56926 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | ആകെ | 58365 |

മേൽ വിഷയം സംബന്ധിച്ച പരാമർശത്തിന് നൽകിയ മറുപടിയിൽ (നം.2/22.2.2023)പരാമർശിച്ച വ്യക്തികളിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പെർമിറ്റ് ഫീസ് അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 21-02-23 മുതൽ 22-02-23 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൃത്താല ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം | 20-21 | 1705520 | ലൈഫ് മിഷൻ-എസ്. സി.പി | 0 | 1705520 |
| | 20-21 | 24607 | ----- | 0 | 24607 |
| | 21-22 | 730000 | 160/22 ലൈഫ് ഭവന പദ്ധതി -എസ്. സി.പി | 730000 | 0 |
| | 21-22 | 200000 | 70/22, ലൈഫ് പെൻഷൻ -ഭവനപദ്ധതി (SCP) | 200000 | 0 |
| | 21-22 | 100000 | 53/22 ഭിന്നശേഷി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | 21-22 | 50000 | 50/22 വൃദ്ധർക്ക് കട്ടിൽ-ജനറൽ | 50000 | 0 |
| | 21-22 | 80000 | 227/22 ഞാങ്ങാട്ടിരി അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 80000 | 0 |
| | 21-22 | 1275000 | 13/22 നെൽകർഷകർക്ക് കൂലിച്ചെലവ് സബ്ഡിഡി | 1275000 | 0 |
| ആകെ | | 4165127 | | 2435000 | 1730127 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 20-21 | 210071 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | | 210071 |
| | 21-22 | 900000 | 160/22 ലൈഫ് ഭവന പദ്ധതി -എസ്.സി.പി | 900000 | 0 |
| | 21-22 | 1702000 | 70/22, ലൈഫ് പെൻഷൻ -ഭവനപദ്ധതി (SCP) | 1702000 | 0 |
| | 21-22 | 400000 | 53/22 ഭിന്നശേഷി സ്കോളർഷിപ്പ് | 400000 | 0 |
| | 21-22 | 1028642 | 13/22 നെൽകർഷകർക്ക് കൂലിച്ചെലവ് സബ്ഡിഡി | 1028642 | 0 |
| ആകെ | | 4240713 | | 4030642 | 210071 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി തുത്താല | 28/22 പോസ്റ്റ് ഷിഫ്റ്റിംഗ് | 3681494/ 13.01.22 | 37789 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുക വരവില്ല. മുൻവർഷങ്ങളിൽ ലഭ്യമായ വായ്പ തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം വായ്പ ലഭിച്ചത് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) നം 68/2018 ത.സ്വ.ഭ.വ/ 18.05.18 | 0 | 10693060 | 396000 | - | 10297060 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 288576 |
| പലിശ | 20289 |
| തൻവർഷം നിക്ഷേപിച്ച തുക | 308865 |
| ആകെ | 308865 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 308865 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 22.12.21 | 12 മാസ ങ്ങൾ | 308865 | 21.12.22 ന് നിക്ഷേപം പുതുക്കേണ്ട താണെങ്കിലും പുതുക്കിയി ട്ടില്ല. |
| ആകെ | | | | 308865 | |

സ്ഥിര നിക്ഷേപം പുതുക്കാത്തത് സംബന്ധിച്ച് 6/23-02-2023 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിക്ഷേപം പുതുക്കിയത് 24-02-2023 പ്രാബല്യത്തിനാണ്. ഇതുമൂലം പലിശയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്. ഇത്തരം അലംഭാവം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3(1) | 2015-16 | 8(17) | കുടുംബശ്രീ തൊഴിൽ പരിശീലന പദ്ധതി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | നിയമസഭാ സമിതി അന്തിമതീർപ്പ് കൽപ്പിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വി വരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98176066 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81630179 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 58365 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 58365 | | ശ്രീ.പി. എ. താജു, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| |
|---|
| ഒന്നുമില്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-15-2 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി. എ. താജു, സെക്രട്ടറി | സെക്രട്ടറി, തൃത്താല ഗ്രാമ പഞ്ചായത്ത് | പാൻപിനേഴത്ത് വീട്, ചന്തപ്പുര, കൊടുങ്ങല്ലൂർ, തൃശ്ശൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-പി.കെ.ഡി. 20/1694/2017/ 05.03.18 | 5 |
| 99-2000 | | 8 |
| 2000-01 | | 1 |

| | | |
|---|---|---|
| 2002-03 | | 3 |
| 2003-04 | | 1 |
| 2004-05 | | 3 |
| 2005-06 | | 5 |
| 2006-07 | | 3 |
| 2007-08 | | 2 |
| 2008-09 | | 11 |
| 2009-10 | | 10 |
| 2010-11 | | 15 |
| 2011-12 | | 9 |
| 2012-13&2013-14 | | 29 |
| 2014-15 | നം. കെ.എസ്.എ/ പി.കെ.ഡി-20/1318 /16/31.07.16 | 18 |
| 2015-16 | നം. കെ.എസ്.എ/ പി.കെ.ഡി-20/2297 /16/26.12.16 | 23 |
| 2016-17 | നം. കെ.എസ്.എ/ പി.കെ.ഡി-20/1964 /17/19.9.17 | 16 |
| 2017-18 | നം. കെ.എസ്.എ/ പി.കെ.ഡി-20/1964 /17/19.9.17 | 16 |
| 2018-19 | നം.കെ.എസ്.എ- പികെഡി20/110/2021 തിയതി: 09.04.2021 | 19 |
| 2019-20 | നം.കെ.എസ്.എ- പികെഡി20/22/2022 തിയതി: 14.02.2022 | 25 |
| 2020-21 | No.KSA PKD-P20/23 /2022. /16.02.2022 | 36 |

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രികകൾ

**Thrithala Grama Panchayat BALANCE SHEET**

As on 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 19079732.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 874.00 |
| 312000000 | Reserves | B-3 | 64709492.00 |
| | **Total Reserve & Surplus** | | **83790098.40** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11493959.00 |
| | **Total Grants, Contributions for Specific Purposes** | | **11493959.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 10297060.00 |
| | **Total Loans** | | **10297060.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 825759.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2310370.60 |
| | **Total Current Liabilities and Provisions** | | **3136129.60** |
| | **TOTAL LIABILITIES** | | **108717247.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 91588476.00 |
| 411000000 | Accumulated Depreciation | B-11 | -27348700.00 |
| 412000000 | Capital Work in Progress | B-11(a) | 932464.00 |
| | **Total Fixed Assets** | | **65172240.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 308865.00 |
| | **Total Investments** | | **308865.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 13110575.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -440726.00 |
| 440000000 | Pre-paid Expenses | B-16 | 10297060.00 |
| 450000000 | Cash and Bank Balance | B-17 | 16545887.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 3723346.00 |
| | **Total Current Assets, Loans and Advances** | | **-440726.00** |
| | **Total Current Assets, Loans and Advances** | | **43676868.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **108717247.00** |

| | | | |
|---|---|---|---|
| | **Thrithala Grama Panchayat INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7788857.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 306542.00 |
| 140000000 | Fee & User Charges | I-4(b) | 798413.00 |
| 150000000 | Sale & Hire Charges | I-5(b) | 137925.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 91047.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 135549353.00 |
| 170000000 | Income from Investments | I-7 | 20289.00 |
| 171000000 | Interest Earned | I-8 | 190280.00 |
| 180000000 | Other Income | I-9 | 230.00 |
| | **Total Income** | | **144882936.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 12355363.00 |
| 220000000 | Administrative Expenses | I-11(b) | 1038645.00 |
| 230000000 | Operations & Maintenance | I-12(b) | 4593655.00 |
| 240000000 | Interest & Finance Charges | I-13 | 268.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7552980.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41719898.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1136376.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3069762.00 |
| 254000000 | Expenditures of Transfered Institutions | I-14(d) | 62414900.00 |

| | | | |
|---|---|---|---|
| | and State Sponsored Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 5551911.00 |
| 272000000 | Depreciation | I-17(a) | 6681531.00 |
| | **Total Expenditure** | | **146115289.00** |
| | **Gross Surplus / Deficit of income over Expenditure** | | **-1232353.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 32480.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-1264833.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| | | | |
|---|---|---|---|
| | **Thrithala Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 18569555.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1655270.00 |
| 140000000 | Fees & User Charges | RP-4 | 446413.00 |
| 150000000 | Sale & Hire Charges | RP-5 | 137925.00 |
| 151000000 | Receipts from Transferred Institutions | RP-6 | 91047.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50032299.00 |
| 171000000 | Interest Earned | RP-9 | 190280.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9036605.00 |
| 340000000 | Deposits Received | RP-34 | 2250.00 |
| 350000000 | Other Liabilities | RP-36 | 569966.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 230.00 |
| 340000000 | Deposits Received | RP-34 | 156393.00 |
| 350000000 | Other Liabilities | RP-36 | 648448.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 16625348.00 |
| 460000000 | Loans, Advances and Deposits | RP-47 | 14037.00 |
| | **Grand total** | | **98176066.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4073089.00 |
| 220000000 | Administrative Expenses | RP-12 | 945149.00 |
| 230000000 | Operations & Maintenance | RP-13 | 4333005.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7097363.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20374265.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 857770.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 362832.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 0.0 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 5551911.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -4153.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1840268.00 |
| 350000000 | Other Liabilities | RP-36 | 18170461.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 268.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -2500.00 |
| 340000000 | Deposits Received | RP-34 | 21000.00 |
| 350000000 | Other Liabilities | RP-36 | 2043935.00 |
| 410000000 | Fixed Assets | RP-38 | 2460121.00 |
| 412000000 | Capital work in Progress | RP-40 | 280975.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 11475848.00 |
| 460000000 | Loans, Advances and Deposits | RP-47 | 1748572.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 16545887.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **98176066.00** |

ഡെപ്യൂട്ടി ഡയറക്ടർ